● കൃഷിമന്ത്രി പി.പ്രസാദ് കഞ്ഞിക്കുഴിയിലെ കർഷകർക്കൊപ്പം ഇടുക്കി യാത്രയ്ക്കിടെ

കഞ്ഞിക്കുഴിയിലെ കർഷകർക്കൊപ്പം ഇടുക്കിയിലെ കൃഷിരീതികൾ കണ്ടറിയാൻ മന്ത്രി

മാരാരിക്കുളം: ആലപ്പുഴ കഞ്ഞിക്കുഴിയിലെ കർഷകർക്കൊപ്പം ഇടുക്കി ജില്ലയിലെ കുളമാവിലും വാഴത്തോപ്പ് പഞ്ചായത്തിലും കൃഷിമന്ത്രി പി. പ്രസാദിന്റെ സന്ദർശനം. കഞ്ഞിക്കുഴി പച്ചക്കറി ക്ലസ്റ്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യാത്രയിലാണ് മന്ത്രി പി. പ്രസാദ് പങ്കെടുത്തത്.

കഞ്ഞിക്കുഴി കൃഷിഭവനും കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തും ചേർന്നാണ് പതിനാറാം വാർഡിൽ പ്രവർത്തിക്കുന്ന കഞ്ഞിക്കുഴി എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററിലെ കർഷകർക്കായി കൃഷി പഠന യാത്ര ഒരുക്കിയത്. ടീം കഞ്ഞിക്കുഴിയോടൊപ്പം കൃഷി പഠനയാത്രയിൽ ബസിൽ പോയ കൃഷിമന്ത്രി അവർക്കൊപ്പം പൂർണമായും പങ്കെടുത്ത് വേറിട്ട അനുഭവമായി.കഞ്ഞിക്കുഴിയിൽനിന്ന് പുറപ്പെട്ട സംഘം ഇടുക്കിയുടെ സുഗന്ധ വിളകൾ കൃഷി ചെയ്യുന്ന മാതൃകാ കൃഷിത്തോട്ടം സന്ദർശിച്ചു.

വാഴത്തോപ്പ് പഞ്ചായത്തിലെ കുന്നംമാവ് അഗസ്റ്റിനും കുടുംബവും നടത്തുന്ന പഴവർഗങ്ങളുടെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും കൃഷിയിടത്തിൽ ഏറെ സമയം ചെലവഴിച്ചു. കഞ്ഞിക്കുഴിയുടെ ചെമ്പരിമണലിൽ വിജയകരമായി കുരുമുളക് കൃഷിചെയ്യാൻ കഴിയുന്ന രീതി കർഷകൻ അഗസ്റ്റിൻ വിശദമായി അവതരിപ്പിച്ചു. കുളമാവിൽ പ്രവർത്തിക്കുന്ന കപ്പൂച്ചിൻ ആശ്രമത്തിലെ വൈദികൻ ഫാ. ഡോ.ജിജോ കുരുവിന്റെ നേതൃത്വത്തിൽ പശ്ചിമഘട്ടത്തിന്റെ ഭൂമിശാസ്ത്രവും കൃഷി സംസ്കൃതിയും. ആഴത്തിൽ പഠിപ്പിക്കുന്ന ഗൈഡഡ് ടൂർ സംഘവും പഠനയാത്രയിൽ പങ്കാളിയായി. കഞ്ഞിക്കുഴിൽ കുരുമുളക് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യവും മന്ത്രി അവതരിപ്പിച്ചു. കഞ്ഞിക്കുഴി പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എം. സന്തോഷ്കുമാർ, ജില്ലാപഞ്ചായത്ത് ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എസ്. രാധാകൃഷ്ണൻ, വൈസ് പ്രസിഡന്റ് ലജിതാ തിലകൻ, കർമ്മസേന സെക്രട്ടറി ജി. ഉദയപ്പൻ, ക്ലസ്റ്റർ പ്രസിഡന്റ് എം.ഡി. സുധാകരൻ, കൃഷി ഓഫീസർ രോസ്മി ജോർജ്, പഞ്ചായത്തംഗങ്ങൾ, കർഷകർ, കൃഷിഭവൻ ഉദ്യോഗസ്ഥർ എന്നിവരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു.

സംസ്ഥാന സമ്മേളനം നാളെ

ഹരിപ്പാട്: പ്ലേസ്മെന്റ് ഹോം നഴ്സിങ് ആൻഡ് സെക്യൂരിറ്റി സർവീസ് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ സംസ്ഥാന സമ്മേളനം നാളെ ഹരിപ്പാട് നടക്കുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.രാവിലെ 9.30 ന് ചേർത്തല ക്ലാസിയിൽ സംസ്ഥാന പ്രസിഡന്റ് രാജൻ തോമസ് പതാക ഉയർത്തും.രമേശ് ചെന്നിത്തല സമ്മേളനം ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ. മഹേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും. ഗാന്ധിഭവൻ സെക്രട്ടറി ഡോ.പുനലൂർ സോമരാജൻ വിശിഷ്ടാതിഥിയായിരിക്കും. സംസ്ഥാന ജനറൽ സെക്രട്ടറി അനിൽകുമാർ പാറയിൽ വിഷയാവതരണം നടത്തും.സംസ്ഥാന സ്റ്റിയറിങ് കമ്മിറ്റി ചെയർമാൻ റോയി.പി.ഏബ്രഹാം സംഘടനാ പ്രവർത്തനം അവലോകനവും വിശദീകരണവും നടത്തും. ഉച്ചയ്ക്ക് രണ്ടിന് പ്രതിനിധി സമ്മേളനം. സംസ്ഥാന പ്രസിഡന്റ് രാജൻ തോമസ് അധ്യക്ഷത വഹിക്കും. സംസ്ഥാന ജനറൽ സെക്രട്ടറി അനിൽകുമാർ പാറയിൽ റിപ്പോർട്ടും ജോ. സെക്രട്ടറി മഹേഷ് കുമാർ.എം. കണക്കും അവതരിപ്പിക്കും.തുടർന്ന് ചർച്ച, മറുപടി പ്രസംഗം, ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് എന്നിവ നടക്കുമെന്ന് ഭാരവാഹികളായ രാജൻ തോമസ്, റോയി പി. ഏബ്രഹാം, അനിൽ കുമാർ പാറയിൽ, മഹേഷ് കുമാർ. എം,രാജേഷ് ഉണ്ണിച്ചേത്ത്, ജയകുമാർ എസ്.കെ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

ദേശീയപാത നിർമാണത്തിൻ അഴിമതി; ആരോപണവുമായി ജി.സുധാകരൻ

ആലപ്പുഴ: ദേശീയപാത നിർമാണത്തിൽ അഴിമതിയാണ് നടക്കുന്നതെന്ന് കുറ്റപ്പെടുത്തി ജി.സുധാകരൻ. ജയിലിന്റെ മതിൽപോലെയാണ് ഉയരത്തിൽ റോഡു പണിയുന്നത്.

ലോകത്തിലെ ഏറ്റവും അഴിമതിയുള്ള 75 സ്ഥാപനങ്ങളിൽ ഒന്നാണ് രാജ്യത്തെ ദേശീയപാത അതോറിറ്റി. നിർമാണത്തിനുള്ള പൈസയൊക്കെ എങ്ങോട്ട് പോകുന്നുവെന്നും അദ്ദേഹം ചോദിച്ചു. എൻജിനീയർമാർ പഠിച്ചതെല്ലാം ജോലിക്ക് കയറുമ്പോൾ മറക്കും. പാലവും റോഡും മര്യാദയ്ക്ക് രൂപകൽപ്പന ചെയ്തു നിർമിക്കില്ല.

പെരുമ്പളം പാലം 2016ൽ അന്നത്തെ സർക്കാരിന്റെ കാലത്ത് 100 കോടി രൂപ അനുവദിച്ച് നിർമാണം തുടങ്ങിയതാണെന്ന് പറയാത്തത് ചരിത്ര നിഷേധമാണ്.എം.എൽ.എയും എം.പിയും അവരുടെ കാലത്താണ് പാലം നിർമാണം തുടങ്ങിയതെന്ന് ആളുകളെ ധരിപ്പിക്കുകയാണ്.

പഴയതിന് മറയിടുക എന്നതാണ് ഇപ്പോഴത്തെ രാഷ്ട്രീയം. അരൂർ മുതൽ ഓച്ചിറവരെ ദേശീയപാതയിൽ ഹൈവേ പോലീസിനെ കാണാനില്ല, പോലീസിന്റെ പെട്രോളിങ്ങില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

വേനൽച്ചൂടിനെ പ്രതിരോധിക്കാൻ ഖാദിവസ്ത്രങ്ങൾ; കാമ്പയിന് തുടക്കം

ആലപ്പുഴ: വേനൽച്ചൂടിനെ പ്രതിരോധിക്കാൻ ഖാദിവസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ഖാദി ഗ്രാമ വ്യവസായ ബോർഡ്. ഖാദി തുണിത്തരങ്ങൾക്ക് 30 ശതമാനം വിലക്കുറവ് നൽകുന്ന ഖാദി ബോർഡിന്റെ വേനൽക്കാല കാമ്പയിന് തുടക്കമായി. "ഖാദി ധരിക്കൂ ചൂടിനെ പ്രതിരോധിക്കൂ" എന്ന സന്ദേശമുയർത്തിയാണ് കാമ്പയിൻ.

ചൂടിനെ പ്രതിരോധിക്കാൻ പരുത്തി വസ്ത്രങ്ങൾ ധരിക്കാനുള്ള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ആഹ്വാനത്തിന്റെ ചുവടുപിടിച്ചാണ് കാമ്പയിനെന്ന് ഖാദി ബോർഡംഗങ്ങൾ പത്രസമ്മേളനത്തിൽ പറഞ്ഞു. ആലപ്പുഴ, ചേർത്തല കാളികുളം, കായംകുളം, പാരുംമൂട്, വെൺമണി എന്നിവിടങ്ങളിലെ ഖാദി സൗഭാഗ്യ ഷോറൂമുകളിലാണ് വിലക്കുറവിൽ തുണിത്തരങ്ങൾ ലഭ്യമാക്കുക. വിവിധതരം ഖാദി ഷർട്ടിങ്, മുണ്ടുകൾ, കോട്ടൺ, സിൽക്ക് സാരികൾ, ചുരിദാർ മെറ്റീരിയൽ, റെഡിമെയ്ഡ് ഷർട്ട്, ജുബ്ബ, കുർത്തി എന്നിവ കൂടാതെ പഞ്ഞി മെത്ത, തലയണ, തലമുണ്ണു, തേൻ, ഫാബ്രിക് സ്റ്റാർച്ച് ചന്ദനത്തിരി, ആയുർവേദ ഉൽപ്പന്നങ്ങൾ എന്നിവയും ഷോറൂമുകളിലുണ്ട്. ജില്ലയുടെ പ്രത്യേകതയായ മിറ്റേന്നി ഷർട്ടുകളും ലഭ്യമാണ്. അത്യാവശ്യക്കാർക്ക് കസ്റ്റമൈസ് ചെയ്ത് വസ്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യവും ആലപ്പുഴ ഷോറൂമിലുണ്ട്. സർക്കാർ, ബാങ്ക് ജീവനക്കാർക്ക് പലിശരഹിത തവണ വ്യവസ്ഥയിൽ ഒരു ലക്ഷം രൂപ വരെയുള്ള ഖാദി ഉൽപന്നങ്ങൾ ലഭ്യമാക്കാനും സൗകര്യമുണ്ട്. പത്രസമ്മേളനത്തിൽ ഖാദി ഗ്രാമ വ്യവസായ ബോർഡ് അംഗം കെ.പുഷ്പശേഖരൻ, പ്രോജക്ട് ഓഫീസർ ടി.എസ്. പ്രദീപ്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

ചുട്ടുപൊള്ളുന്ന വേനലിൽ നാരങ്ങയ്ക്കും തീവില

ചെങ്ങന്നൂർ:സംസ്ഥാനത്ത് വേനൽ കടുക്കുന്നതിനിടെ സാധാരണക്കാരന് ഇരുട്ടടി യായി ചെറുനാരങ്ങ വില കുതിച്ചുയരുന്നു.വിപണിയിൽ നാരങ്ങയ്ക്ക് പൊള്ളുന്ന വിലയായതോടെ സാധാരണക്കാരും ചെറുകിട കച്ചവടക്കാരും കടുത്ത പ്രതിസന്ധിയിലായി. കഴിഞ്ഞ ഒരു മാസത്തിനിടെ നാരങ്ങയുടെ വിലയിൽ ഇരട്ടിയിലധികം വർധനവാണ് രേഖപ്പെടുത്തിയത്. നിലവിൽ കിലോയ്ക്ക് 260 രൂപ മുതൽ 300 രൂപ വരെയാണ് വിവിധയിടങ്ങളിലെ ചില്ലറ വിൽപന നിരക്ക്.ഏപ്രിൽ പകുതി വരെ കിലോയ്ക്ക് 160-180 രൂപ നിലവാരത്തിലായിരുന്ന വിലയാണ് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ റെക്കോർഡ് ഉയരത്തിലെത്തിയത്. കേരളം നാരങ്ങയ്ക്കായി പ്രധാനമായും ആശ്രയിക്കുന്ന ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ഉൽപാദനം കുറഞ്ഞതാണ് പ്രധാന പ്രതിസന്ധി.

വടക്കേ ഇന്ത്യയിലെ കൊടും ചൂട് വിതരണ ശൃംഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ആന്ധ്രാപ്രദേശിൽ നിന്നുള്ള നാരങ്ങയുടെ വലിയൊരു പങ്ക് നിലവിൽ ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ഡൽഹി തുടങ്ങിയ വടക്കൻ വിപണികളിലേക്കാണ് പോകുന്നത്.

അവിടെ ഡിമാൻഡ് വർധിച്ചതോടെ കേരളത്തിലേക്കുള്ള വരവ് പരിമിതപ്പെട്ടത് വിലക്കയറ്റത്തിന് ആക്കം കൂട്ടി. നാരങ്ങ വില വർധിച്ചതോടെ ഹോട്ടലുകളിലും ബേക്കറികളിലും പാനീയങ്ങളുടെ വില ഉയർത്തിത്തുടങ്ങി.

നാരങ്ങാവെള്ളത്തിന് ഗ്ലാസിന് ശരാശരി അഞ്ച് മുതൽ പത്ത് രൂപ വരെയാണ് വർധനവുണ്ടായത്. 20 രൂപയായിരുന്ന നാരങ്ങാവെള്ളത്തിന് ഇപ്പോൾ പലയിടത്തും 30 രൂപയോ അതിലധികമോ നൽകണം. വിപണിയിൽ നാരങ്ങയുടെ ലഭ്യത കുറഞ്ഞത് വഴിയോരങ്ങളിലെ സർബത്ത് കച്ചവടക്കാരെയും സാരമായി ബാധിച്ചിട്ടുണ്ട്.

കടുത്ത ചൂട് മൂലം അയൽസംസ്ഥാനങ്ങളിലെ ഉൽപാദനത്തിലുണ്ടായ ഇടിവും ,വേനൽ കടുത്തതോടെ ശീതളപാനീയങ്ങൾക്കുള്ള ഡിമാൻഡ് വർധിച്ചതും വടക്കേ ഇന്ത്യൻ വിപണികളിലേക്ക് നാരങ്ങ വൻതോതിൽ വഴിതിരിച്ചു വിടുന്നതും വില വർധനയ്ക്ക് കാരണമായി.

ഒരു മാസത്തേക്ക് കൂടി നാരങ്ങ വില ഇതേ നിലയിൽ തുടരാനാണ് സാധ്യതയെന്ന് വ്യാപാരികൾ പറയുന്നു. വരുംദിവസങ്ങളിൽ ചൂട് ഇനിയും വർധിച്ചാൽ വില വീണ്ടും ഉയരുമെന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്. വേനൽ മഴ വ്യാപകമായാൽ മാത്രമേ ഉൽപാദനം വർധിക്കാനും വിപണിയിലെ വിലക്കയറ്റത്തിന് അറുതിയാകാനും സാധ്യതയുള്ളുവെന്ന് വ്യാപാരികൾ പറഞ്ഞു.

ഫലമറിയാൻ മൂന്നുനാൾ; മുന്നണി നേതൃത്വങ്ങളിൽ പിരിമുറുക്കം

ആലപ്പുഴ: നീണ്ട കാത്തിരിപ്പിനൊടുവിൽ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം തിങ്കളാഴ്ച പുറത്തുവരാനിരിക്കെ ജില്ലയിലെ മുന്നണി നേതൃത്വങ്ങളിൽ പിരിമുറുക്കം. സി.പി.എമ്മിലാണ് ആകാംക്ഷ കൂടുതൽ. ജി.സുധാകരൻ പാർട്ടിവിട്ട് അമ്പലപ്പുഴയിൽ സ്വതന്ത്ര സ്ഥാനാർഥിയായി രംഗത്തുവന്നതോടെ സംസ്ഥാന നേതൃത്വത്തിന്റെയാകെ ശ്രദ്ധ ആലപ്പുഴ ജില്ലയിലേക്ക് തിരിഞ്ഞിരുന്നു. അമ്പലപ്പുഴയിൽ തിരിച്ചടി നേരിട്ടാൽ അത് സി.പി.എം നേതൃത്വത്തിനാകെ കനത്ത പ്രഹരമാകും.

പ്രത്യേകിച്ച് ജില്ലയിലെ പാർട്ടിയിൽ നിർണായക സ്വാധീനമുള്ള സംസ്ഥാന സെക്രട്ടറിയറ്റ് അംഗം കൂടിയായ മന്ത്രി സജി ചെറിയാന്റെ ഇടപെടലുകളും ചോദ്യം ചെയ്യപ്പെട്ടേക്കും. എക്സിറ്റ് പോൾ ഫലങ്ങളും എൽ.ഡി.എഫിന് പ്രതീക്ഷ നൽകുന്നതല്ല. ജില്ലയിൽ അഞ്ചുമുതൽ ഏഴുവരെ സീറ്റുകളിൽ യു.ഡി.എഫിന് ജയസാധ്യതയെന്നും രണ്ട് മുതൽ നാല് സീറ്റുകളാണ് എൽ.ഡി.എഫിന് കിട്ടാൻ സാധ്യതയുള്ളതെന്നുമാണ് മനോരമ ന്യൂസ് സി വോട്ടർ എക്സിറ്റ് പോൾ ഫലം.

യു.ഡി.എഫിന് അവർ 41 ശതമാനം വോട്ട് വിഹിതവും എൽ.ഡി.എഫിന് 38 ശതമാനവും എൻ.ഡി.എയ്ക്ക് 15 ശതമാനവുമാണ് കണക്കാക്കുന്നത്. വാശിയേറിയ പോരാട്ടം നടന്ന അമ്പലപ്പുഴയിൽ മുൻമന്ത്രി ജി.സുധാകരനെതിരെ സിറ്റിങ് എം.എൽ.എ എച്ച്.സലാമിന് വിജയ സാധ്യത യെന്നാണ് മനോരമ ന്യൂസ് സി വോട്ടർ എക്സിറ്റ് പോൾ വിലയിരുത്തിയത്.

എന്നാൽ അമ്പലപ്പുഴയിൽ സുധാകരന് മികച്ച ഭൂരിപക്ഷത്തിൽ വിജയിക്കുമെന്നാണ് കോൺഗ്രസ് അവലോകനത്തിലെ ഉറച്ച കണക്ക്. സി.പി.എം സംസ്ഥാന നേതൃത്വവും അമ്പലപ്പുഴ കൈവിട്ടേക്കുമെന്ന വിലയിരുത്തിലാണ്. അരൂർ, കുട്ടനാട്, അമ്പലപ്പുഴ, ഹരിപ്പാട് മണ്ഡലങ്ങളിൽ യു.ഡി.എഫ്. നൂറുശതമാനം വിജയ പ്രതീക്ഷ വച്ചു പുലർത്തുന്നുണ്ട്.

ആലപ്പുഴ, കായംകുളം സീറ്റുകളിൽ ഇഞ്ചോടിഞ്ച് മത്സരമാണെന്നും അനുകൂല തരംഗമുണ്ടായാൽ ചേർത്തലയും ഖദീജക്കുമെന്നാണ് കോൺഗ്രസ് കണക്കുകൂട്ടൽ. ചെങ്ങന്നൂർ, മാവേലിക്കര, ചേർത്തല, കായംകുളം, ആലപ്പുഴ മണ്ഡലങ്ങളിലാണ് എൽ.ഡി.എഫ്. ഏറ്റവും കൂടുതൽ വിജയ പ്രതീക്ഷ പങ്കുവയ്ക്കുന്നത്. അരൂരിലും വിജയം സാധ്യമായേക്കാമെന്ന് അവർ കണക്കുകൂട്ടുന്നു.

കങ്കാരു ഡോക്യുഫിക്ഷന് തുടക്കമായി

ആലപ്പുഴ: കങ്കാരുവിനെക്കുറിച്ചുള്ള വിവരങ്ങൾ പകർത്തുന്ന കങ്കാരു ഡോക്യു ഫിക്ഷന്റെ ചിത്രീകരണത്തിന് ആലപ്പുഴയിൽ തുടക്കമായി. നടനും തിരക്കഥാകൃത്തും സംവിധായകനുമായ ജോയ് കെ.മാത്യുവാണ് ഡോക്യുഫിക്ഷൻ അണിയിച്ചൊരുക്കുന്നത്. ആലപ്പുഴ, ഓസ്ട്രേലിയ, പാപ്പുവ ന്യൂ ഗിനിയ എന്നിവിടങ്ങളിലായിട്ടാണ് ചിത്രീകരണം. ഗ്ലോബൽ മലയാളം സിനിമയുടെ ബാനറിൽ മലയാളം, ഹിന്ദി, ഇംഗ്ലീഷ്, അറബി, ചൈനീസ് ഉൾപ്പെടെ വിവിധ ഭാഷകളിലാണ് ഡോക്യുഫിക്ഷൻ പ്രദർശനത്തിനെത്തുക. ചിത്രീകരണത്തിന്റെ ഉദ്ഘാടനം ജി.സുധാകരൻ നിർവഹിച്ചു. ജോയ് കെ. മാത്യു, ജയൻ ചേർത്തല, ഡോ.രജിത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

● മാന്നാറിൽ സൈക്കിളിൽനിന്ന് വീണുമരിച്ച ബീഹാർ സ്വദേശിനി സൈറ ഫാത്തുന്റെ ഭർത്താവ് ലഡ്ഡുമിയയെ ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തി ആശ്വസിപ്പിക്കുന്ന മന്ത്രി സജി ചെറിയാൻ.

നിലം നികത്തലിനെതിരേ പ്രതിഷേധവുമായി കെ.എസ്.കെ.ടി.യു.

മാന്നാർ: അനധികൃതമായി മണ്ണിട്ട് നികത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന നിലത്തിൽ കെ.എസ്.കെ.ടി.യു മാന്നാർ വെസ്റ്റ് മേഖല പ്രതിഷേധവുമായി എത്തി. മാന്നാർ മൂന്നാം വാർഡിൽ വാഴയിൽ മുക്കിന് സമീപം വട്ടപ്പറമ്പിൽ ബെന്നു വർഗീസ് തന്റെ വീടിനോട് ചേർന്നുള്ള 30 സെന്റ് നിലമാണ് ഡേറ്റാബാങ്കിൽ ഉൾപ്പെടാത്ത താണെന്ന് പറഞ്ഞ് മണ്ണിട്ടിച്ച് നികത്തുകയും തെങ്ങിൻതൈകൾ നടുകയും ചെയ്തിരുന്നു. കെ.എസ്.കെ.ടി.യു. പലതവണ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും മണ്ണിറക്കുന്നത് തടയുകയും ചെയ്തിരുന്നു.

● മാന്നാർ പാവുക്കര മൂന്നാം വാർഡിൽ വാഴയിൽ മുക്കിന് സമീപം സ്വകാര്യവ്യക്തി അനധികൃതമായി മണ്ണിട്ട് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ കെ.എസ്.കെ.ടി.യു. പ്രവർത്തകർ പൂർവസ്ഥിതിയിലാക്കുന്നു.

എന്നാൽ രാത്രിയുടെ മറവിൽ മണ്ണ് ഇറക്കി വലിയ ബണ്ട് റോഡ് നിർമ്മിക്കുകയും തന്റെ വസ്തു കഴിഞ്ഞുള്ള ഭാഗം ഏകദേശം ഒന്നര ഏക്കറോളം നിലം ഈ രൂപത്തിൽ നികത്തി കൊണ്ടിരിക്കുകയാണ്.

മാന്നാർ പോലീസ് പല പ്രാവശ്യം സ്ഥലത്തെത്തി പണികൾ നിർത്തിവെപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുരട്ടിശേരി വില്ലേജ് ഓഫീസർ അനധികൃത നിലം നികത്തലാണെന്ന് ചൂണ്ടിക്കാട്ടി ഒന്നിലധികം തവണ ആർ.ഡി.ഒയ്ക്ക് റിപ്പോർട്ട് അയച്ചിരുന്നു.

പമ്പയാറ്റിൽനിന്നും കുരട്ടിശേരി പുഞ്ചയിലേക്ക് ഈ സ്ഥലത്ത് കൂടി പോകുന്ന എട്ടടി വീതിയിലുള്ള കനാൽ ഉൾപ്പെടെ നികത്തിയതായി കെ.എസ്.കെ.ടി. യു ആരോപിച്ചു.

വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ ഭാഗമായി മാന്നാറിലെ പാടശേഖരങ്ങളിലേക്ക് ഇത്തരത്തിലുള്ള നിരവധി കനാലുകൾ ഉണ്ട്. ഇത് മണ്ണിട്ട് നികത്തുക വഴി പമ്പയാറ്റിലെ ജലത്തിച്ച് നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ യുണ്ടാകുമെന്ന് ജില്ലാ കളക്ടർ ഉൾപ്പെടെ ബന്ധപ്പെട്ട അധികാരികളെ കാര്യങ്ങൾ ബോധ്യപ്പെടുത്തിയിട്ട് ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നും ഭൂമാഫിയ പല ഉന്നത ഉദ്യോഗസ്ഥരെയും സ്വാധീനിച്ചാണ് നിയമ വിരുദ്ധ പ്രവർത്തനം നടത്തുന്നതെന്നും കെ.എസ്.കെ.ടി.യു നേതാക്കൾ പറഞ്ഞു.കെ.എസ്.കെ.ടി.യു മാന്നാർ വെസ്റ്റ് മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കർഷക തൊഴിലാളികൾ സംഘടിക്കുകയും നികത്തിയ നിലത്തിലെ കനാൽ ഒഴുക്കുന്ന ഭാഗം പൂർവസ്ഥിതിയിൽ ആക്കുകയും ചെയ്തു.

ഇനിയും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ തുനിഞ്ഞാൽ ശക്തമായ പ്രതിഷേധ സമരങ്ങൾ സംഘടിപ്പിക്കുമെന്ന് യൂണിയൻ മേഖലാ സെക്രട്ടറി കെ.ജെ ജയകുമാറും പ്രസിഡന്റ് അബ്ദുൽ റസാക്കും മുന്നറിയിപ്പ് നൽകി.

● മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം

അപ്രോച്ച് റോഡ് പരിധിവിട്ട് ഇടിഞ്ഞുതാഴാൻ തുടങ്ങിയതോടെ അപകടങ്ങൾ പതിവാകുന്നു

കുട്ടനാട്: കുട്ടനാട് താലൂക്ക് ഓഫീസിന്റെ സമീപത്തായി മണിമലയാറിന് കുറുകെ നിർമ്മിച്ചിട്ടുള്ള മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലത്തിന്റെ ഇരുവശങ്ങളിലും ഉള്ള അപ്രോച്ച് റോഡ് പരിധിവിട്ട് ഇടിഞ്ഞുതാഴാൻ തുടങ്ങിയതോടെ അപകടങ്ങൾ തുടർക്കഥയായി.

പാലത്തിന്റെ സ്പാനുകൾ തമ്മിലും അകലം വർധിച്ചതോടെ ചെറു വാഹനങ്ങൾ മുതൽ ഇവിടെ അപകടത്തിൽ പെടുന്നുണ്ട്. കഴിഞ്ഞദിവസം രാവിലെ പാലത്തിൽ നിന്ന് ഇറങ്ങുന്നതിനിടയിൽ ഒരു ബൈക്ക് നിയന്ത്രണം വിട്ടു മറിയുകയും പുറകിൽ ഇരുന്ന യാത്രക്കാരി താഴേക്ക് വീണു തലയ്ക്ക് മാരകമായി പരുക്കേൽക്കുകയും ചെയ്തു. ഉടൻതന്നെ പുളിങ്കുന്ന് പോലീസ് സ്ഥലത്തെത്തി ഇവരെ പുളിങ്കുന്ന് ആശുപത്രിയിലും തുടർന്ന് ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിലും പ്രവേശിപ്പിച്ചത് രക്ഷയായി. ഇങ്ങനെ ഇവിടെ ദിവസവും നിരവധി അപകടങ്ങളാണ് ഉണ്ടാകുന്നത്.

എന്നാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാനോ മറ്റു മാർഗങ്ങൾ സ്വീകരിക്കാനോ പൊതുമരാമത്ത് വകുപ്പും ബന്ധപ്പെട്ട അധികാരികളും തയാറാകുന്നില്ല. എ.സി റോഡിനെയും കാവാലം പോലുള്ള കുട്ടനാടിന്റെ വടക്കൻ മേഖലയേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാലം കൂടിയാണിത്. കൊയ്ത്ത് സീസനായതിനാൽ ടൺകണക്കിന് നെല്ല്, കയറ്റിക്കൊണ്ടു പോകുന്നതിന് നിരവധി ലോറികളാണ് എന്നും എത്തുന്നത്.

ആ സന്ദർഭങ്ങളിലൊക്കെ ഡ്രൈവർമാരുടെ മനസിലൊക്കെ തങ്ങൾ ഏതുനിമിഷവും അപകടത്തിൽപ്പെട്ടേക്കാവുന്ന ഭയം ഉണ്ടെന്ന് തന്നെ പറയാം. അതിനാൽ എത്രയുംവേഗം പ്രശ്നത്തിന് അടിയന്തര പരിഹാരം കാണാൻ അധികൃതർ തയാറാകണം എന്നാണ് നാട്ടുകാരുടെയും യാത്രക്കാരുടെയും പ്രധാന ആവശ്യം.

● പടഹാരം സെന്റ് ജോസഫ് പള്ളിയിൽ ഇടവക തിരുനാളിന്റെ തുടക്കംകുറിച്ച് വികാരി ഫാ. ജോസഫ് പാറത്താനം കൊടി ആശീർവദിക്കുന്നു.

ബഹു. മാവേലിക്കര കുടുംബ കോടതി മുമ്പാകെ

OP No. 1517/2025

വാദി: ചെങ്ങന്നൂർ താലൂക്കിൽ ആലാ വില്ലേജിൽ കോടുകുളഞ്ഞി മുറിയിൽ പൗവ്വത്ത് ബംഗ്ലാവിൽ കോരുത് പി. മാത്യു മകൻ ക്രിസ്റ്റി എന്നു വിളിപ്പേരുള്ള ഫിലിപ്പ് മാത്യു.

1-ാം എതികക്ഷി: പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ തിരുവല്ല വില്ലേജിൽ പാലിയേക്കര മുറിയിൽ കാവിലെ വീട്ടിൽ കായപ്രത്തു വർഗീസ് മകൾ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ആലാ വില്ലേജിൽ കോടുകുളഞ്ഞി മുറിയിൽ പൗവ്വത്ത് ബംഗ്ലാവിൽ ഫിലിപ്പ് മാത്യു ഭാര്യ സുസന്നാമ്മ വർഗീസ് എന്നുകൂടി പേരുള്ള സുസൻ ഫിലിപ്പ്.

ടി എതൃകക്ഷിയെ തെരുപ്പെടുത്തുന്നത്

മേൽനമ്പർ കേസിലെ ഹർജികക്ഷി ശാശ്വത നിരോധനത്തിനും, അവകാശ പ്രഖ്യാപനത്തിനും, മറ്റുമായി ബഹു. കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള ഹർജിയിൽ ടി എതൃകക്ഷി ബഹു. കോടതി മുമ്പാകെ ഹാജരാകുന്നതിനും ആക്ഷേപം ബോധിപ്പിക്കുന്നതിനും, മറ്റുമായി അവധി വച്ചിട്ടുള്ളതാകുന്നു ടി എതൃകക്ഷിക്ക് എന്തെങ്കിലും തർക്കമുള്ളപക്ഷം അടുത്ത വിചാരണ തീയതിയായ 2026-ാമാണ്ട് 7-ാം മാസം 23-ാം തീയതി പകൽ 11 മണിക്കോ അതിനു മുമ്പോ ഈ കോടതി മുമ്പാകെ നേരിട്ടോ അധികാരപ്പെടുത്തിയ ഏജന്റ് മുഖേനയോ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാണ് എന്നും അല്ലാത്തപക്ഷം നിങ്ങൾക്ക് തർക്കമില്ല എന്നുകണ്ട് നിങ്ങളെ കൂടാതെ ടി ഹർജി തീർച്ച ചെയ്യുന്നതാണെന്നുമുള്ള വിവരം. ഇതിനാൽ തെരുപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (പെ)
അഡ്വ. റിനി ഫിലിപ്പ്
ഹർജികക്ഷിഭാഗം അഡ്വക്കേറ്റ്
മാവേലിക്കര

ബഹു.ഇരുപത്തൊന്നു ചെങ്ങന്നൂർ മുൻസിഫ് കോടതി മുൻപാകെ

OS 281/2017
IA No. 1/2021

ഹർജികക്